

# വികാരിയിൽ നിന്ന് ...

27-10-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

ഈ വർഷത്തെ നമ്മുടെ വി. ബി. എസ്സ് ഏറ്റവും അനുഗ്രഹകരമായി നടത്തുവാൻ ദൈവം കൃപ ചെയ്തു. വി. ബി. എസ്സിൻെറ വിജയത്തിനു പിന്നിൽ കഠിനാധ്വാനം ചെയ്ത ഏവരേയും നന്ദിയോടെ ഓർക്കുന്നു. കൂട്ടായ പ്രവർത്തനത്തിൻെറ ഫലമായിട്ടാണ് ഈ അനുഗ്രഹവും വിജയവും സാധ്യമായത്. ഏവരോടുമുള്ള നന്ദിയും, സ്നേഹവും, കടപ്പാടും ഒരിക്കൽ കൂടി അറിയിക്കുന്നു. നമ്മുടെ ഇടവകയുടെ 12-ാമതു ഇടവകദിനവും, കൺവൻഷനും, ആദ്യകുർബ്ബാന ശുശ്രൂഷയും ഏവർക്കും അനുഗ്രഹകാരണമായിത്തീർന്നു എന്നോർത്ത് ദൈവത്തെ സ്തുതിക്കുന്നു. നേതൃത്വം നൽകിയ അഭിവന്ദ്യ തിരുമേനിയോടുള്ള സ്നേഹാദരവുകൾ ഈ സമയത്ത് അറിയിക്കുന്നു. ആദ്യകുർബ്ബാന സ്വീകരിച്ച് സഭയുടെ പൂർണ്ണ സംസർഗ്ഗത്തിലേക്ക് പ്രവേശിച്ച എല്ലാ കുഞ്ഞുങ്ങൾക്കും ദൈവം ധാരാളമായി അനുഗ്രഹങ്ങളും നന്മകളും നൽകട്ടെ എന്ന് ആശംസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നവംബർ മാസം ആദ്യ ആഴ്ച്ച (നവംബർ-3) അഖില ലോക സണ്ടേസ്കൂൾ ദിനമായി സഭ ആചരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയിൽ മാതാപിതാക്കളുടെ പങ്ക് നിസ്തുലമാണ്. അവരെ പതിവായി ആരാധനയിൽ പങ്കെടുപ്പിക്കുവാനും, സണ്ടേസ്കൂളിൽ മുടങ്ങാതെ കൊണ്ടുവരുന്നതിനും മാതാപിതാക്കൾ ശ്രദ്ധിക്കണം. ‘ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് അവനെ വിട്ടു മാറുകയില്ല’. സദൃ. 22 : 6. നവംബർ മാസം 10-ാം തീയതി ദശാംശ സമർപ്പണ ദിനമായി വേർതിരിച്ചിരിക്കുന്നു. അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് തിരുമേനി വിശിഷ്ട അതിഥിയായി അന്നേ ദിവസം ആരാധനയ്ക്ക് നേതൃത്വം നലകുന്നതാണ്. ദശാംശം നൽകുവാൻ ദൈവം കൽപ്പിച്ചിരിക്കുന്നു. സ്വമേധയാദാനം അനുഗ്രഹകരമാണ്. ദൈവനാമ മഹത്വത്തിനായി നാം സന്തോഷത്തോടെ നൽകിയാൽ അമർത്തി കുലുക്കി കവിഞ്ഞ് വരത്തക്കവണ്ണം വലിയോരളവിൽ ദൈവം നമുക്ക് സമൃദ്ധി നൽകും. ആകാശത്തിൻെറ കിളി വാതിലുകൾ തുറന്ന് മതിയാവോളം അനുഗ്രഹങ്ങൾ നൽകിത്തരാം എന്നത് ദൈവീക വാഗ്ദാനമാണ്. കൊടുപ്പീൻ എന്നാൽ നിങ്ങൾക്ക് ലഭിക്കും എന്നും, വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഉത്തമം എന്നും യേശുകർത്താവ് പഠിപ്പിച്ചു. ദൈവം ആർക്കും കടക്കാരനല്ല. സന്തോഷത്തോടെ ഹൃദയപൂർവ്വം ദശാംശം നൽകി ഇടവകയുടെ ആവശ്യങ്ങളിൽ പങ്കാളികളാവുക. വരുമാനം ഉള്ള എല്ലാവരും ദശാംശദിന സമർപ്പണ ശുശ്രൂഷകളിൽ പങ്കാളികളാകണം. ദൈവം നമ്മെ എല്ലാവരേയും ധാരാളമായി അനുഗ്രഹിക്കും.

നമ്മുടെ ഇടവകയുടെ ഈ വർഷത്തെ പഠന വിഷയം “കൊയ്നോണിയ (Koinonia)” എന്നതാണ്. ഇത് ഒരു ഗ്രീക്ക് പദം ആണ്. മലയാളത്തിൽ ഈ വാക്കിന് കൂട്ടായ്മ, സംസർഗ്ഗം, ഭാഗഭാഗിത്വം, പങ്കാളിത്വം, ഐക്യം എന്നെല്ലാം അർത്ഥം ഉണ്ട്. പുതിയ നിയമത്തിൽ വളരെ പ്രാധാന്യമുള്ള ഒരു പദമാണ് ‘കൊയ്നോണിയ’. ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സജീവ ബന്ധത്തെ ആണ് ‘കൊയ്നോണിയ’ എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. ഈ കൊയ്നോണിയ ദൈവശക്തിയാലും വ്യാപാരത്താലുമാണ് സാദ്ധ്യമായിത്തീരുന്നതും നിലനിൽക്കുന്നതും എന്നത് നാം ഓർത്തിരിക്കേണ്ടതാണ്. (Christian Koinonia is instituted and constituted by God) ഇതേപ്പറ്റി വിശുദ്ധനായ പൗലോസ് പറയുന്നു “തൻെറ പുത്രനും, നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിൻെറ കൂട്ടായ്മയിലേക്ക് നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ(1കൊരി.1:9) ക്രിസ്തീയ ജീവിതത്തിൻെറ അടിസ്ഥാനം ദൈവത്തോടും മനുഷ്യരോടുമുള്ള കൂട്ടായ്മയാണ്. ഉൽപത്തി പുസ്തകം 3-ാം അധ്യായത്തിൽ ദൈവവും മനുഷ്യനുമായുള്ള കൂട്ടായ്മ നഷ്ടപ്പെടുന്നു. മനുഷ്യൻ ദൈവകൽപന ലംഘിച്ച് അനുസരണക്കേട് കാണിച്ചപ്പോൾ കൂട്ടായ്മയുടെ ഊഷ്മളത നഷ്ടപ്പെട്ടുപോയി. തുടർന്ന് കയീൻ തൻെറ സഹോദരനായ ഹാബേലിനെ കൊല ചെയ്യുന്നു. അങ്ങനെ ദൈവവുമായും, സഹോദരനുമായും ഉള്ള കൂട്ടായ്മ നഷ്ടമായി. തുടർന്ന് മനുഷ്യൻെറ പാപത്തിൻെറ ഫലങ്ങൾ മനുഷ്യൻ അനുഭവിക്കുവാനും ആദ്ധ്യാത്മിക അധ:പതനത്തിലേക്ക് നിലം പതിക്കുവാനും ഇടയായി.

യേശുക്രിസ്തു ഈ ലോകത്തിലേക്ക് വന്ന് (നഷ്ടപ്പെട്ടു പോയ) ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനുമായുള്ള ബന്ധം പുന:സ്ഥാപിച്ചു. പാപം മൂലം ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്കായി യേശുക്രിസ്തു കാൽവറിയിൽ പരമയാഗമായിത്തീർന്നു. അങ്ങനെ മനുഷ്യനു വീണ്ടും ഈ കൊയ്നോണിയ തിരികെ ലഭിച്ചു. ക്രിസ്തുവിലുള്ള വിശ്വാസവും, സമർപ്പണവും മൂലം നമുക്ക് ദൈവത്തോടുള്ള സംസർഗ്ഗം സാദ്ധ്യമായിത്തീരും. ഓരോ വിശുദ്ധ കുർബ്ബാനയിലും ഈ ‘ദിവ്യ കൂട്ടായ്മ’ നമുക്ക് ലഭ്യമാകുന്നു. കർത്താവിൻെറ തിരുശരീരരക്തങ്ങൾ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതിലൂടെ ക്രിസ്തുവിൽ വസിച്ച് ഫലം കായ്ക്കുവാനും, നിത്യജീവൻെറ അവകാശികളായിത്തീരുവാനും നമുക്ക് കഴിയുന്നു. ജീവൻ, സമൃദ്ധമായ ജീവൻ പ്രാപിച്ച് ഈ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിച്ച് കൂട്ടായ്മയുടെ മഹത്വം തിരിച്ചറിഞ്ഞ് ദൈവരാജ്യ പ്രവർത്തനത്തിൽ നമുക്കും പങ്കു ചേരാം. കൂട്ടായ്മ എന്നത് കേവലം ഉപരിപ്ലവമായ ബന്ധം അല്ല. മറിച്ച് സാമ്പത്തികവും, സാമൂഹികവും, ആദ്ധ്യാത്മികവുമായ മാനം ഉൾക്കൊള്ളുന്ന ശ്രേഷ്ഠമായ ബന്ധം ആണ്. എളിയവനെ സഹായിക്കുകയും, മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുകയും, ആത്മീയമായി ജ്വലിച്ച് പ്രകാശിക്കുകയും ചെയ്യുവാൻ നമുക്ക് കഴിയണം. അതിന് ദൈവത്തോടും മനുഷ്യരോടും, പ്രകൃതിയോടുമുള്ള നല്ല കൂട്ടായ്മ ബന്ധം നമുക്ക് അത്യാവശ്യമാണ്. ആയതിന് ദൈവം നമ്മെ എല്ലാവരേയും ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**

ഫോൺ. 39732763,17250630

rev.georgeyohannan@gmail.com